# മൂന്നു ഭാഗങ്ങളുള്ള ഒരു കഥ

ഒന്ന്

ആലസ്യത്തിൽ നിന്ന് ഉണർന്നിട്ടും കണ്ണുകളെ തുറക്കാതെ സ്ഥലകാലങ്ങളെ ഓർത്തെടുക്കാൻ ശ്രമിക്കുകയാണ് ശ്രീജിത്ത്. ഓർത്തെടുക്കാൻ ശ്രമിക്കുന്നത് കഴിഞ്ഞ ഒരു മണിക്കൂർ മമ്പുള്ള കാര്യങ്ങളെയാണ്. അവൻ ഇവിടെ വന്നത് ഒരു മണിക്കൂർ മുമ്പാണ്. നേഹ വിളിച്ചു വരുത്തുകയായിരുന്നു.

നേഹയെക്കുറിച്ച് പിന്നീട് ഓർത്തെടുക്കാം. അതിന് ഒരു മണിക്കൂർ മുമ്പുള്ള ഓർമ്മകൾ തികയില്ല. കഴിഞ്ഞ ഒരു ദിവസത്തേതോ, ഒരാഴ്ചത്തെ തന്നെയോ മതിയാകില്ല. ഒരു മാസത്തേതെങ്കിലും വേണ്ടി വരും. അതുകൊണ്ട് ആ ഓർമ്മകളെ അവിടെ നിർത്തിയിട്ട് കഴിഞ്ഞ ഒരു മണിക്കാർ മുമ്പു തുടങ്ങിയ കാര്യങ്ങളെ ഉണർത്തിയെടുക്കാം.

അവനെ നേഹ വിളിച്ചു വരുത്തുകയായിരുന്നു.

ഇപ്പോൾ കഥ മുമ്പോട്ടു പോകണമെങ്കിൽ നേഹ ആരെന്നു പറയേണ്ടിയിരിക്കുന്നു. നേഹ ആരെന്നു പറഞ്ഞില്ലെങ്കിലും, ശ്രീജിത്തുമായുള്ള ബന്ധമെന്തെന്നു പറയേണ്ടിയിരിക്കുന്നു.

നേഹ ശ്രീജിത്തിന്റ പ്രണയിനിയാണ്.

പ്രണയിനി, ആ വാക്കിന് ഇത്തിരി അലങ്കാരം കൂടിപ്പോയിട്ടുണ്ടോ.... എങ്കിൽ പ്രിയതമ എന്നാകാം. അല്ലെങ്കിൽ വേണ്ട പ്രേമഭാജനമെന്നാക്കാം.

വേണ്ട, കുറച്ചു കൂടി കടുപ്പം കുറച്ച് നേഹ ശ്രീജിത്തിന്റെ കാമുകി ആണോന്നു പറയാം.

കണ്ണുകളെ തുറക്കാതെ തന്നെ അവൻ ദേഹത്തെ ബോധത്തിലേക്ക് കൊണ്ടു വന്നു. പൂർണ്ണ നഗ്നനായിട്ടു തന്നെയാണ് പതുതപതുത്ത കിടക്കയിൽ കിടക്കുന്നതെന്ന് അവൻ അറിഞ്ഞു. കൂടെ ആദ്യമായി സ്ത്രീയെ അനുഭവിച്ചതിന്റെ മധുര സ്മരണകളും. വലതു വശത്ത് സ്വസ്തമായി

വിശ്രമിച്ചിരുന്ന കൈയ്യാൽ നഗ്നതയെ പരതി നോക്കി, ഓർമ്മിച്ചെടുത്തതിനെ സ്ഥിരീകരിക്കാനായിട്ട്.

ആ മുറി സുഖകരമായൊരു ശീതളിമയിലായണ്. ദേഹം അതിനെ ആവോളം നുകർന്ന് ശാന്തമായിരിക്കുകയാണ്.

പെട്ടന്നവൻ നേഹയെ ഓർമ്മിച്ചു. കഴിഞ്ഞ ഒരു മണിക്കൂറിനെ കുറിച്ച് ഓർക്കുമ്പോൾ നേഹയെ വിസ്മരിക്കാനാവില്ല. അവൻ കണ്ണുകൾ തുറന്ന് തല ഉയർത്തി നോക്കി. മുറിയിലെ ഉരിളിൽ ഒരു വെളുത്ത നിഴൽ പോലെ അവളെ കാണാം. അവളുടെ ദേഹത്തിന്റെ വെളുപ്പിനെ മറച്ചു വയ്ക്കാൻ മുറിയിലെ ഇരുളിന് കഴിയുന്നില്ലെന്നത് സത്യം.

അവളും പൂർണ്ണ നഗ്നയായിട്ടു തന്നെയാണ് കിടക്കുന്നത്. മലർന്ന്, നിവർന്ന്, കാലുകളെ അല്പമകറ്റി, കൈകളെ ഇരു വശത്തും സ്വസ്തമായിരിക്കാൻ വിട്ട്.....മുടിയിഴകളെ യഥേഷ്ടം ഉലഞ്ഞു കിടക്കാൻ അനുവദിച്ച്.......

അവൻ വേഗം എഴുന്നേറ്റു. അവളെ കാണണം. ഇരുളിലല്ല, വെളിച്ചത്തിൽ....അവളറിയാതിരിക്കാൻ പൂച്ചയുടെ കള്ളത്തരത്തെ കൂടെ കൂട്ടി,. സാവാധാനം കിടക്കയിൽ നിന്നും താഴെയിറങ്ങി, ജനലിനരുകിലെത്തി, മുറിയെ ഇരുളിലാക്കിയിരുന്ന കറുത്ത യവനികയെ അല്പം അകറ്റി. യവനികയിൽ തീർത്ത നീണ്ട വിടവിലൂടെ വെളിച്ചം അകത്തെത്തി നേഹയെ അവനായി കാണിച്ചു കൊടുത്തു. മനക്കണ്ണിൽ കഴിഞ്ഞ നിമിഷങ്ങളിൽ സംഭവിച്ചതുകളും.

ശ്രീജിത്തിന്റെ വാസസ്ഥലം ഈ മെട്രോ നഗരത്തിലല്ല. ഒരു മണിക്കൂറോളം വാഹനയാത്ര വേണ്ട മറ്റൊരിടത്താണ്. ഇന്ന് പുലർച്ചക്ക് നേഹ മൊബൈലിൽ വിളിക്കുകയായിരുന്നു.

ശ്രീ ഇന്ന് ഫ്രീയാകുമോ....

എന്തിന്....

ഇന്ന് ഇവിടെ വന്നാൽ ജീവിത്തിൽ ഒരിക്കലും മറക്കാനാൻ കഴിയാത്ത ഒരു ദിവസമായിരിക്കും നമുക്ക്...

ഊം....എങ്ങിനെ.....

അതു പറയില്ല....അനുഭവിക്കാനുള്ളതാണ്......

നേഹയുടെ ശബ്ദത്തിലെ ആർദ്രത അവനെ വല്ലാതെ ആകർഷിച്ചു. അവൻ സമ്മതിക്കുകയും ചെയ്തു.

ചെയ്തു വന്നിരുന്ന തൊഴിലിന്റെ, മനസ്സിനെ മാരകമായി മുറി വേല്പിക്കുന്ന സമ്മർദ്ദത്തിൽ നിന്നും ഒരൊഴിവ് അതാണവനെ ഹരം കൊള്ളിച്ചത്. അവന്റെ വാസസ്ഥലത്തു നിന്നും പുറപ്പെടേണ്ട സമയം....അതിന് മുമ്പ് കഴിക്കേണ്ട ഭക്ഷണം.... യാത്രക്ക് ഉപയോഗിക്കാവുന്ന ഏറ്റവും കൂടിയ സമയം. ബസ്സ് യാത്ര തീരേണ്ട ഇടം. അതിന് ശേഷം ഓട്ടോ പിടിക്കേണ്ട സ്റ്റാന്റ്. ഓട്ടോ ഡ്രൈവറോട് പറയേണ്ടുന്ന സ്ഥല നാമം.... ഓട്ടോ യാത്ര അവസാനിപ്പിക്കേണ്ട കവല...പിന്നീട് നടന്നു വരേണ്ട ദൂരം..... എല്ലാം അവൾ നിഷ്കർഷിച്ചതുപോലെ ചെയ്ത് പകൽ പതിനൊന്നു മണിക്കായിരുന്നു വില്ലയിലെത്തിയത്. വീഥിക്ക് ഇരുപുറവും വില്ലകളാണ്, റോസ് വില്ലകൾ.... വില്ലകൾ തുടങ്ങുന്നിടത്ത് ബോർഡിൽ എഴുതിയിരിക്കുന്ന നമ്പറുകളിൽ നിന്ന് അവൾ പറഞ്ഞ നമ്പർ നോക്കി ഏതു ഭാഗത്തെന്നറിഞ്ഞ് നടന്നു....ആൾ അനക്കങ്ങളോ, മനുഷ്യ സഹജമായ മറ്റ് ശബ്ദങ്ങളോ ഇല്ലാത്ത വീഥിയിലൂടെ പത്ത് മിനിട്ട് നടന്ന് എത്തിച്ചേരുകയായിരുന്നു, സ്നേഹതീരമെന്ന വില്ലയിൽ.

ഒന്നിന്റെയും ദൃക്സാക്ഷത്വമില്ലെന്ന് ഉറപ്പു വരുത്തി അവൻ വില്ലയുടെ മണി നാദം മുഴക്കി. ആ നാദം വീടിനുള്ളിൽ മാത്രമല്ല പുറത്തും സംഗീതമായി മുഴങ്ങിയപ്പോൾ അവനൊന്നു ഞെട്ടി.

വാതിൽ തുറന്ന നേഹ, അവനൊരിക്കലും കണ്ടില്ലാത്ത അത്ര സുന്ദരിയായിരുന്നു. വെളുത്ത ഫ്രോക്കിൽ, ചന്ദനമണത്തിൽ, തണുപ്പാർന്ന കരതലത്തോടെ......

തുറന്നു പിടിച്ച വാതിലിലൂടെ അകത്തേയ്ക്ക് പ്രവേശിച്ചിട്ടും അമ്പരപ്പിൽ ഒന്നും പറയാനാകാതെ ശ്രീജിത്തും, ഒന്നും പറയാനില്ലാതെ നേഹയും അടുത്തതെന്താകണമെന്ന് ചിന്തിക്കുക കൂടി ചെയ്തില്ല.

സെറ്റിയിൽ അടുത്തടുത്ത് അവർ വെറുതെ അങ്ങിനെയിരുന്നു, കണ്ണുകളിൽ നിന്നും കണ്ണുകളെ മാത്രം കണ്ടുകൊണ്ട്.

പിന്നെ, പിന്നെ.... ആ കണ്ണുകൾ വഴി ഉൾകാമ്പുകളിലേക്ക് എന്തോ ഒക്കെ പരതി നടന്നു.

ഒന്നും കണ്ടെത്താതെ, എങ്ങും എത്തിപ്പെടാതെയിരുന്ന നേരത്ത് നേഹ അവനായി ഒരുക്കി വച്ചിരുന്ന ഭക്ഷണങ്ങളെ കാണാൻ വിളിച്ചു.

തീൻ മേശയിൽ പൂർത്തീകരിക്കപ്പെടാത്ത ഒരു വലിയ ചിത്രം പോലെ, വ്യത്യസ്തമായ വർണ്ണങ്ങളിൽ, മനസ്സിനെ മത്തു പിടിപ്പിക്കുന്ന ഗന്ധങ്ങളിൽ, അവനറിയാത്ത രുചികളിൽ.......

എന്തെല്ലാമോ അവൻ കഴിച്ചു, ഇടക്കെല്ലാം അവൾ വാരിക്കൊടുത്തു കഴിപ്പിച്ചു. കഴിച്ചു മതിയായിട്ടോ.....മതിവരില്ലെന്നറിഞ്ഞ് നിർത്തിയിട്ടോ....ഭക്ഷണ മേശ വിട്ട നിമിഷം മുതൽ അവനറിയാത്ത ലോകത്തുകൂടി, കാണാത്ത കാഴ്ചകളിലൂടെ, നുകരാത്ത സ്വാദുകളിലൂടെ, അസാധാരണമായ വേഗത്തിൽ....

ഇടയ്ക്ക് അബോധാവസ്ഥയിലൂടെയും ഉള്ള യാത്രയായിരുന്നു.....

രണ്ട്

സംഘർഷ ഭരിതമായ ഒരു ജീവിതമാണ് ശ്രീജിത്തിന് കിട്ടിയത്.

ജീവിക്കുന്നത് മനസ്സ് കൊണ്ടാണെന്നല്ലേ ചിലർ പറയുന്നത്. ചിലരത് ഹൃദയം കൊണ്ടാണെന്ന് മാറ്റിപ്പറഞ്ഞിട്ടുമുണ്ട്. ഒരു പക്ഷെ, ഹൃദയവും മനസ്സും ഒന്നാണെന്ന ധാരണയിൽ, അല്ലെങ്കിൽ ഒന്ന് തന്നെ എന്ന് തീർച്ചപ്പെടുത്തി പറയുന്നതാകാം. പക്ഷെ, ശ്രീജിത്ത് മനസ്സ് കൊണ്ട് ജീവിക്കുന്ന ആളാണ്. അതുകൊണ്ട് ജോലി സംബന്ധമായ സംഘർഷങ്ങൾ മനസ്സിനെ ബാധിക്കുകയും വളരെ വേഗത്തിൽ വികാരം കൊള്ളുകയും ചെയ്യുന്നു. വികാരം കൊണ്ട് അമിതമായി ആഹ്ലാദവും അസാധാരണമായ വിഷാദവും ആണ് പലർക്കും ഉണ്ടാകുന്നത്. പക്ഷെ, ശ്രീജിത്തിനെ സംബന്ധിച്ച് ആഹ്ലാദകരമായ വികാരങ്ങൾ കുറഞ്ഞും വിഷാദാത്മകമായവകൾ ഏറിയുമിരിക്കുന്നു. അവൻ പലപ്പോഴും മൗനത്തിലേക്കും കർത്തവ്യ വിമുഖതയിലേക്കും നീങ്ങുന്നു.

അവന് ജന്മ നഗരത്തിൽ തന്നെയാണ് വിദ്യാഭ്യാസം ലഭിച്ചത്. അവന്റെ നഗരത്തിൽ വളരെ ഉന്നതമായ നിലവാരത്തിൽ വിദ്യാഭ്യാസ ലഭിക്കുന്നുള്ള

സാഹചര്യങ്ങളുണ്ടായിരുന്നെങ്കിലും അവന് സാമാന്യ വിദ്യാഭ്യാസ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. സാമ്പത്തികം തന്നെ കാരണം. ജനാധിപത്യത്തിന്റെ മൂർദ്ധന്യതയിൽ നിന്നിട്ടൊന്നും കാര്യമില്ല ഇപ്പോഴഴും ഗുണക്കുടുതലുള്ളതുകളൊക്കെ പണമുള്ളവർക്കു വേണ്ടി സംവരണം ചെയ്തിരിക്കുകയല്ലേയെന്നാണ് അവൻ ഒരു ഇന്റർവ്യൂവിന് മറു ചോദ്യം ഉന്നയിച്ചത്. അതൊരു പൊതു സത്യമാണെങ്കിലും, പലപ്പോഴും സമൂഹത്തിൽ അപ്രകാരമുള്ള ചർച്ചകൾ ഉണ്ടാകാറുണ്ടെങ്കിലും ഒട്ടും വൈകാതെ തന്നെ കെട്ടടങ്ങിപ്പോകുന്നതാണ് കണ്ടിട്ടുള്ളത്.

അവന്റ ഇടത്തു തന്നെയുള്ള ഒരു പ്രൈവറ്റ് കൺസ്ട്രക്ഷൻ കമ്പനിയിലെ സൂപ്പർവൈസർ ജോലി, വലിയ ചെലവുകളില്ലാത്ത അച്ഛനും അമ്മയ്ക്കും അധികം പരാതികളില്ലാത്ത അനുജത്തിയ്ക്കും അവനും ജീവിക്കാൻ അതിൽ നിന്നുള്ള വരുമാനം മതിയെന്ന് തന്നെയാണ് ശ്രീജിത്തിന്റെ അനുഭവം. എന്നു വച്ച് ആ ജോലി കൊണ്ട് അവൻ തൃപ്തിപ്പെട്ടിട്ടൊന്നുമില്ല. സർക്കാർ തലത്തിലും മൾട്ടി നാഷനൽ കമ്പനികളിലും ഒരു സിവിൾ എഞ്ചിനിയർ ഡിപ്ലോമാക്കാരന് എന്തെല്ലാം സാദ്ധ്യതകളുണ്ടെന്ന് ചുഴിഞ്ഞ് നേക്കിക്കൊണ്ടു തന്നെയാണ് ഇരിക്കുന്നത്.

പതിനഞ്ചു നിലകളിലേക്ക് പണിതുയർത്തുന്ന ഫ്ളാറ്റ് സമുച്ചയം, അമ്പതു സെന്റ് സ്ഥലത്ത് നാലു ബ്ലോക്കുകളിലായിട്ട് നൂറോളം ഫ്ളാറ്റുകൾ..... ഒരു സമയത്ത് നൂറോളം തൊഴിലാളികളാണ് പണിയെടുത്തു കൊണ്ടിരിക്കുന്നത്,കീഴേക്കിട കരാറുകാരുടെ കീഴിലായിട്ട്.... കൺസ്ട്രക്ഷൻ കമ്പനിക്കാരുടെ ഇടനിലക്കാനും പണിയുടെ നോട്ടക്കാരനുമാണ് ശ്രീജിത്ത്. അളവുകളിലും തോതുകളിലും വരാവുന്ന വ്യതിയാനങ്ങൾ, ഉൾക്കാഴ്ചകളില്ലാത്ത തൊഴിലാളികളിൽ നിന്നുണ്ടാകുന്ന അപചയങ്ങൾ...കൂലിത്തർക്കങ്ങൾ, മെല്ലെപ്പോക്കുകൾ.... മനപ്പൂർവ്വമായ പരാജയപ്പെടുത്തലുകൾ, കുതികാൽ വെട്ടലുകൾ..... ചതിക്കുഴി തീർക്കലുകൾ.....

ഞായറാഴ്ച പിരിമുറുക്കങ്ങളെ അയച്ചു വിടുന്ന ദിവസമാണ് ശ്രീജിത്തിന്. ഓടിമുറുകിപ്പോകുന്ന യന്ത്രയോജിപ്പുകളിൽ എണ്ണയും ഗ്രീസുമിട്ട് അയവു വരുത്തുന്ന ദിവസം.

വാത്സല്യം മുഴുവനും ചേർത്ത് അമ്മയുണ്ടാക്കുന്ന ഇഡ്ഡലിയും സ്നേഹമയം അധികമായി കുട്ടി അരച്ചെടുക്കുന്ന ചമ്മന്തിയും കഴിച്ചു കഴിഞ്ഞാൽ വീടിനു പുറത്തേക്ക് ഒരു പുഞ്ചിരിയുമായി യാത്രയാകുന്നു. സൗഹൃദങ്ങൾ വിരിഞ്ഞു നില്ക്കുന്ന, സ്നേഹം ലഭിക്കുന്ന, അവന്റെ സാമിപ്യം ഇഷ്ടപ്പെടുന്ന ഇടങ്ങളിൽ, അവരുടെയൊക്കെ ചെറിയ ചെറിയ ആവശ്യങ്ങളെ കണ്ടറിഞ്ഞ് ചെയ്തു കൊടുത്തു കൊണ്ട.് അവരിൽ നിന്നും ആവശ്യത്തിലേറെ സ്നേഹം സ്വീകരിച്ചു കൊണ്ട്.....

ഒരു ഞായറാഴ്ച, നഗരത്തിലെ മൾട്ടിനാഷനൽ ഹോസ്പിറ്റലുകാർ അവന്റെ നാട്ടിൽ ക്യാൻസർ ബോധവൽക്കരണ സെമിനാറും അവയവദാനക്യാമ്പും നടത്തിയപ്പോൾ വളരെ വിശാലമായൊരു വീക്ഷണത്തിലായിരുന്നു ശ്രീജിത്തും കൂട്ടുകാരും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും സംഘാടകരാകാനും തയ്യാറായത്. ഹാളിലെ ഇരിപ്പിടങ്ങൾ ശരിയാക്കി, റെജിസ്റ്ററുകൾ എഴുതി, പ്രഭാഷണം കേട്ട് ഉറക്കം വരുന്നവർക്ക് ചായ കൊടുത്ത്, വേണ്ടവർക്ക് ലഘു ഭക്ഷണം കൊടുത്ത്, കൈകൊടുത്ത് സഹായിക്കേണ്ടവരെ സഹായിച്ച്....

സ്വന്തം ശരീരത്തിലെ രക്തത്തിന്റെ ഗ്രൂപ്പ് നിർണയവും അവസ്ഥ കണ്ടെത്തലും ആരോഗ്യ പരിശോധനയും നടത്തിയപ്പോഴും തന്നോട് ചേർന്നു നിന്ന നേഴ്സ് നേഹയെ ശ്രദ്ധിക്കണമെന്നു തോന്നി. അവന്റെ ശ്രദ്ധകളെ കണ്ടില്ലെന്ന് അവൾ നടിച്ചിരുന്നെങ്കിലും സദാമുഖത്ത് നിന്നിരുന്ന പുഞ്ചിരി അവനെ വശീകരിച്ചു.അവയവദാന രേഖ ഒപ്പിട്ടു നൽകിയപ്പോൾ അവൾ അവനോട് കൂടുതൽ അടുത്തതുപോലെ തോന്നി.

ആ തോന്നൽ തെറ്റിയില്ല, അടുത്ത നാളിൽ അവന്റെ ഫോണിൽനേഹ വിളിച്ചു. വർക്ക് സൈറ്റിൽ ബംഗാളി തൊഴിലാളിയോടു തട്ടിക്കയറി രക്തം ചൂടു പിടിച്ച് നിന്നിരുന്ന സമയത്ത്, പുറത്ത് സൂര്യനും കത്തി ജ്വലിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ഞാൻ നേഹയാണ്...

ആര്...

അവന്റെ ചോദ്യത്തിന് ഇത്തിരി ദൃഢത കൂടുതലുണ്ടായിരുന്നു. അവന്റെ മുഖത്ത് ആവശ്യത്തിലേറെ ഈർഷ്യതയും...

എന്തേ ചൂടിലാണെന്നു തോന്നുന്നു....

അതെ....അകത്തും പുറത്തും...

എങ്കിൽ പിന്നെ വിളിക്കാം....

ഓ... അതാ നല്ലത്...

ഫോൺ ഓഫ് ചെയ്ത് കഴിഞ്ഞപ്പോൾ അവന് നേഹയെന്ന പേര് ഓർമ്മ വന്നു. നൈറ്റിംഗേലിനെയും.....

ആതുര സേവന രംഗത്തിന്റെ ചരിത്രത്തിൽ ലോകത്ത് ഏറ്റവും ശ്രദ്ധിക്കപ്പെട്ട പേരാണെന്നും ഒർമ്മിച്ചു.

നൈറ്റിംഗേൽ...

അവൻ തിരികെ വിളിച്ചില്ല.

രാത്രയിൽ അവൾ ഉറങ്ങുന്നതിനു മുമ്പ് വീണ്ടും വിളിച്ചു.

ഞാൻ നേഹയാണ്.....

സോറി ഞാനപ്പോൾ ജോലിസ്ഥലത്ത്...

ദേഷ്യത്തിലായിരുന്നല്ലേ...

സോറി..

എന്നെ ഓർക്കുന്നോ....

ഓർമ്മിക്കുന്നുണ്ടെന്ന് ശ്രീജിത്ത് അപ്പോൾ പറഞ്ഞില്ല.

പിന്നീട് ഓർത്തു വയ്ക്കാനുള്ള ഒരു പൂക്കാലമാണ് വന്നത്...

ഫോണിൽ, വാട്ട്സ്സാപ്പിൽ, ഫെയ്സ് ബുക്കിൽ...

അവർ നിരന്തരം കാണുകയും കേൾക്കുകയും അറിയുകയും ചെയ്ത കൊണ്ടിരുന്നു...

അനുബന്ധം.

അന്ന്, ശ്രീജിത്തിനെ കാണാതാവുകയായിരുന്നു. ജോലി കഴിഞ്ഞ് വീട്ടിലെത്തേണ്ട സമയം കഴിഞ്ഞപ്പോൾ അവന്റെ അമ്മയുടെ ഉള്ളിൽ വേവലാതി തുടങ്ങി, വിഭ്രമമായി അച്ഛനിൽ പടർന്നു, അങ്കലാപ്പോടുകൂടി സ്നേഹിതർ അതിനോടു യോജിച്ചു. രാത്രിയിൽ തന്നെ അന്വേഷണങ്ങൾ വളരെ പുരോഗമിച്ചു. അവൻ അന്ന് ജോലിസ്ഥലത്തെത്തിയില്ലെന്ന വസ്തുത കൂടുതൽ ദുരൂഹതയിലേക്കാണ് നീങ്ങുന്നതെന്ന് ഡിക്ടറ്റീവ് നോവലുകളെ സ്നേഹിക്കുന്ന ജോഹൻ ഇടക്കിടക്ക് സുഹൃത്തുക്കളോട് പറഞ്ഞു കൊണ്ടിരുന്നു. അവർ അവന്റെ വാക്കുകളെ ശ്രദ്ധിച്ചില്ല.

ജോഹന്റെ വാക്കുകളെ ശ്രദ്ധിച്ചില്ലെങ്കിലും പിറ്റേന്ന് രാവിലെ പത്തു മണിക്ക് മുമ്പ് ശ്രീജിത്തിന്റെ സുഹൃത്ത് ജിനോ മാത്യുവിന്റെ ഫോണിലേയ്ക്ക് മെട്രോ നഗരത്തിലെ ഒരു ഹോസ്പിറ്റലിൽ നിന്നും വിളിയെത്തി, റിസപ്ഷനിസ്റ്റ് എന്ന് പരിചയപ്പെടുത്തിയ സ്ത്രീ ശബ്ദം പറഞ്ഞു.

ശ്രീജിത്തിന് മെട്രോ നഗരത്തിൽ വച്ച് ആക്സിഡന്റ് പറ്റി, ഗുരുതരാവസ്ഥയിലാണ്.... വെന്റിലേറ്ററിലാണ്....

സുഹൃത്തുക്കൾ ഞെട്ടലിൻ നിന്നും മോചിതരാകും മുമ്പ് ശ്രീജിത്തിന്റെ വീട്ടിൽ ഹോസ്പിറ്റലിൽ നിന്നും ആരെല്ലാമോ വന്ന് അച്ഛനെയും അമ്മയേയും കൊണ്ടു പോയതിനാൽ വെറും കാഴ്ചക്കാരായി സ്നോഹിതരും ഹോസ്പിറ്റലിൽ എത്തി. ആരോ എഴുതി സംവിധാനം ചെയ്തിരിക്കുന്ന തിരക്കഥ പോലെയാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് ജോഹൻ ഇടക്ക് സുഹൃത്തുക്കളോട് പറഞ്ഞു. ആയിരിക്കാം, നമ്മൾക്ക് എന്തു ചെയ്യനാകുമെന്ന് സുഹൃത്തുക്കൾ പിറുപിറുത്തു.

വളരെയേറെ പ്രലോഭനങ്ങളും വാഗ്ദാനങ്ങളും വളരെ കുറച്ച് പരാതികളും പരിവട്ടങ്ങളും ആടി അരങ്ങൊഴിഞ്ഞു കഴിഞ്ഞപ്പോൾ ഹോസ്പിറ്റൽ വരാന്തയിൽ ഇരുന്നിരുന്ന ശ്രീജിത്തിന്റെ അച്ഛനോടും അമ്മയോടും സ്നേഹിതർ തിരക്കി.

ഇപ്പോൾ എങ്ങിനെയുണ്ട്....ഇനിയെന്താണ്.....

ഉത്തരം പറയും മുമ്പ്  ആരെല്ലാമോ അവരെ വരവേറ്റ് ആശുപത്രിയുടെ ഓഫീസിലേക്ക് ആനയിച്ചു.  പിന്നീട് ജനാല വഴി സ്നേഹിതർക്ക് കാണാൻ കഴിഞ്ഞത് കുറെ പേപ്പറുകളിൽ അവർ ഒപ്പിടുന്നതാണ്.

പിറ്റേന്ന് ദിനപ്പത്രങ്ങളിലെല്ലാം ശ്രീജിത്തിന്റെ ഫോട്ടോയോടുകൂടി വാർത്ത വന്നു.  അവയവദാനത്തിന്റെ മാഹാത്മ്യത്തെ, ശ്രീജിത്തന്റെ സ്വഭാവത്തെ, വീക്ഷണങ്ങളെക്കുറിച്ചൊക്കെ  തൊങ്ങലുകളും തോരണങ്ങളും വച്ചെഴുതിയ കുറെ കുറിപ്പുകൾ സുഹൃത്തുക്കൾക്ക് വായിക്കാനും കിട്ടി.  ശ്രീജിത്തിന്റെ പുരയിടത്തിൽ തന്നെ കാടു പിടിച്ചു കിടന്നിരുന്നിടത്ത് വൃത്തിയാക്കി ചിതയൊരുക്കി.  ഒടുക്കം വരെയും സ്നേഹിതൽ കാണികളായി നിന്നിരുന്നു.  എന്തിനും ഏതിനും ഹോസ്പിറ്റലിൽ നിന്നും ഏർപ്പാടാക്കിയവരുണ്ടായിരുന്നു.  ഏതെല്ലാമോ സന്നദ്ധ സംഘടനക്കാരും അക്ഷീണം ഓടിനടന്നു കൊണ്ടിരുന്നു.

മൂന്ന്

ഭാഗം മൂന്ന് തുടങ്ങുന്നത് ശ്രീജിത്തിന്റെ മരണശേഷം ആറുമാസം കഴിഞ്ഞിട്ടാണ്.  ആറു മാസവും പതിനൊന്ന് ദിവസവും ആയെന്ന് ജോഹൻ പറയുന്നു.  മറ്റ് സ്നേഹിതരൊക്കെ ആ കണക്കുകൾ വിസ്മരിച്ചു കഴിഞ്ഞിരിക്കുന്നു

അന്ന് ജോഹൻ നഗരത്തിലെ പേയിൻ പാർക്കിൽ നിന്നും വാഹനം തിരികെ എടുത്തു മടങ്ങാൻ തുടങ്ങുമ്പോൾ അവിടത്തെ ഒരു ജീവനക്കാരൻ ചോദിച്ചു.

നീയാ ശ്രീജിത്തിന്റെ കൂടെ പഠിച്ചതല്ലേ...

ഊം... നീയേതാ....

ഞാനും അന്ന് സ്കൂളിൽ ഉണ്ടായിരുന്നു.

ഓ....

നീ.... നിന്നേ...എനിക്കൊരു കാര്യം പറയാനുണ്ട്....

ഊം....

ശ്രീജിത്തിനെ കുറിച്ചാണ്....

എന്നതാ.....

ജോഹന്റെ മുഖം അഗതക്രിസ്റ്റിയുടെ കഥാനായകൻ ഹെർക്യൂൾ പെയ്റോട്ടിന്റേതു പോലെയായി, മുകളിലേക്ക് പിരിച്ചു വക്കാൻ മീശയില്ലെങ്കിലും...

കണ്ണുകൾ കൂർത്തു......ചെവികൾ വട്ടം പിടിച്ചു..... മനസ്സ് ജാഗരൂകമായി....

ആക്സിഡന്റായീന്നു പറയുന്നതിന്റെ പിറ്റേന്ന് രാവിലെ വേറൊരാളാണ് ഇവിടന്ന് അവന്റെ ബൈക്ക് എടുത്തു പൊണ്ടുപോയത്...

എങ്ങിനെ...

അവന്റെ വണ്ടിയുടെ ടോക്കൻ കൊണ്ടുവന്ന് വേറൊരുത്തനാണ് കൊണ്ടു പോയതെന്ന്....

ങേ....

വണ്ടിയെടുക്കാൻ വന്നവനോട് ഞാൻ ചോദിച്ചതാ ശ്രീജിത്ത് എന്തിയേന്ന്. അയാളു പറഞ്ഞത്... അവൻ ആ സ്റ്റാന്റിനടുത്തുള്ള മേള ഹോട്ടലിൽ ഇരുന്ന് ചായ കുടിക്കുന്നുണ്ടെന്നാണ്....

ജോഹൻ വല്ലാതെ അസ്വസ്തനായി. അവൻ സ്റ്റാർട്ടാക്കാൻ തുടങ്ങിയ ബൈക്ക് സ്റ്റാന്റിൽ കയറ്റി വച്ച് സുഹൃത്തിന്റെ തുടർ വാക്കുകൾ ആരും കേൾക്കാതിരിക്കാൻ പേയിൻ പാർക്കിന്റെ ഓഫീസ് കാബിനിൽ നിന്നും കുറെ ആകന്നു നിന്ന് മർമ്മരമായി, കുറെ സമയം സംസസാരിച്ചു. അവർ സംസാരിച്ചതെല്ലാം ജോഹൻ മനസ്സിൽ മാത്രം രേഖപ്പെടുത്തി.

പേയിൻ പാർക്കിലെ സുഹൃത്തിനെ കണ്ടതിനുശേഷമുള്ള ഇരുപത്തിനാലു മണിക്കറിനുള്ളിൽ ജോഹൻ, ഡിസി ബുക്സ് പ്രസിദ്ധീകരിച്ച അഗതക്രിസ്റ്റി കൃതികൾ രണ്ടാം ഭാഗത്തെ മൂന്നു കഥകൾ വീണ്ടും വീണ്ടും വായിച്ചു. പെയ്റോട്ടിന്റെ ചിന്തകളും ചെയ്തികളും മുഖഭാവങ്ങളും മനക്കണ്ണിൽ

പകർത്തിയെടുത്ത് വിശകലനം ചെയ്തു. മേശപ്പുറത്തെ ചീട്ടുകളിൽ പെയ്റോട്ട് ചിന്തിക്കുന്നതുപോലെയല്ല നീലനദിയിലെ മരണത്തിൽ ചി

ന്തിക്കുന്നതെന്ന് കണ്ടെത്തി. സൈപ്രസ് ദുരന്തത്തിലെ കാഴ്ചപ്പാടുകളല്ല ചലിക്കുന്ന വിരലിൽ ഉള്ളതെന്ന് വീക്ഷിച്ചു.

ഹൃദയം വിങ്ങി അടക്കാൻ കഴിയാതെ വന്നപ്പോൾ സുഹൃത്തുക്കളോട് കാര്യങ്ങൾ വ്യക്തമാക്കി. അവർ ശ്രീജിത്തിന്റെ വീടിനെ നിരീക്ഷണത്തിൽ കൊണ്ടു വന്നു. പക്ഷെ, അടുത്ത കഴിഞ്ഞ നാളുകളിൽ അവിടെ ഒന്നും പ്രത്യേകിച്ച് സംഭവിച്ചിട്ടില്ലെന്ന് അറിഞ്ഞു. ശ്രീജിത്തിന്റെ വീട്ടുകാർ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയിരിക്കുന്നു. ശ്രീജിത്തിന്റെ മരണവുമായി ബന്ധിച്ച് എവിടെ നിന്നെല്ലാമോ അവർക്ക് ലഭിച്ച സാമ്പത്തിക സഹായത്താൽ അവൻ ഉണ്ടായിരുന്ന കാലത്തുള്ള ജീവിതത്തേക്കൾ നിലവാരമുള്ളതാണ് ഇപ്പോഴത്തേതെന്ന് കണ്ടെത്തി. ജോഹന്റെ ചുഴിഞ്ഞുള്ള ചോദ്യങ്ങൾക്ക് ശ്രീജിത്തിന്റെ അച്ഛൻ ഇങ്ങിനെ ഒരു മറുപടിയും കൊടുത്തു.

മറന്നല്ലെ പറ്റൂ മക്കളെ....

അതെ മറന്നേ പറ്റൂ.... നിങ്ങൾക്ക്.......

ജോഹൻ അയാളുടെ മുഖത്ത് നോക്കി അങ്ങിനെ പറഞ്ഞില്ല, പക്ഷെ , പറയുമായിരുന്നു, മറ്റ് സുഹൃത്തുക്കൾക്കു കൂടി ഇഷ്ടമായിരുന്നെങ്കിൽ.

എങ്കിലും അവൻ മനസ്സിൽ പറഞ്ഞു.

പക്ഷെ. ഞങ്ങൾക്ക് മറക്കാൻ കഴിയാത്തതുപോലെ ഒരു കനൽ ഹൃയത്തിൽ വീണു കിടക്കുകയാണെങ്കിലോ, അതവിടെ കിടന്ന് ജ്വലിക്കുകയാണെങ്കിലോ....

മദ്യത്തിന്റെ അവാച്യമായ വശീകരണശക്തിയിൽ വീഴ്ത്തി, ശ്രീജിത്ത് ആക്സിഡന്റ് കേസിന്റെ മഹസ്സർ കോപ്പി സ്വീകരിക്കുമ്പോഴും ബൈക്ക് കാണാൻ പോകുമ്പോഴും പെയ്റോട്ട് എന്തായിരിക്കും ഈ സാഹചര്യത്തിൽ ചിന്തക്കുകയെന്ന് അറിയാൻ ജോഹൻ മനസ്സിലിട്ട് കാര്യങ്ങളെ മദിച്ചു നോക്കിക്കൊണ്ടിരുന്നു.

കാഷ്വാലിറ്റിയിലെ ക്രമാതീതമായ തിരക്കിനിടയിലും നേഹ അവരോടൊത്ത് കാന്റീനിലെ ഫാമിലി ക്യാബിനിൽ ചായ കഴിക്കാനെത്തി. അവർക്കു മുന്നിൽ തേങ്ങിക്കരഞ്ഞു.

വെളുത്ത വസ്ത്രത്തിൽ പൊതിഞ്ഞിരിക്കുന്ന ആ മനോഹര ദേഹത്തെ പെയ്റോട്ടിന്റെ കണ്ണുകളോടെയാണ് ജോഹൻ നോക്കിക്കൊണ്ടിരുന്നത്. വശ്യമായ ആ മുഖത്തിന് പിന്നിൽ, ഏറെ കറുത്ത ആ കണ്ണുകൾക്ക് മറവിൽ ഒരു ദുരൂഹത മറഞ്ഞിരിക്കുന്നുണ്ടോ എന്നവൻ ചുഴിഞ്ഞ് ചിന്തിച്ചു കൊണ്ടിരുന്നു. ഒടുവിൽ ഉണ്ടെന്നു തന്നെ അവൻ കണക്കുകൂട്ടി, മറ്റ് സുഹൃത്തുക്കൾ അതിനെ എതിർത്തെങ്കിലും. അവൻ അവന്റെ വഴിയെ തന്നെ ചിന്തിച്ചു. അവന് ഇഷ്ടമുള്ള വഴിയെ പോയി. പക്ഷെ, സുഹൃത്തുക്കളെ കൂടെ കൂട്ടാതിരുന്നില്ല.

അടുത്ത ദിവസം, നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് നേഹ വീട്ടിലെത്തി ഉറങ്ങാൻ തുടങ്ങുമ്പോൾ വില്ലയിലെ കോളിംഗ് ബെല്ല് ജോഹൻ മുഴക്കി. ഉറക്കച്ചടവോടെ അവൾ വാതിൽ തുറന്നു. നിമിഷങ്ങൾക്കുള്ളിൽ നേഹയുടെ അർദ്ധ നീലിമയാർന്ന മിഴികൾ ആകാവുന്നതിലും അധികമായി തുറന്നു. ഉറക്കത്തിന്റെ ആലസ്യത്തെ വിട്ട് ബോധമുണരുകയും ചെയ്തു. അവളെ അകത്തേക്ക് തള്ളി മാറ്റി ജോഹനോടൊപ്പം മൂന്നു സുഹൃത്തുക്കളും അകത്തേക്ക് കയറി.

നേഹ എന്തു പറയണമെന്നൊ, എന്തു ചെയ്യണമെന്നൊ അറിയാതെ തകർന്നു നിന്നു.

അവരുടെ നിശബ്ദതയെ നീക്കിക്കൊണ്ട് ജോഹൻ, പെയ്റോട്ടിനെ പോലെ ആലങ്കാരികമായി പറഞ്ഞു.

നേഹ, ഞങ്ങൾ ഉപദ്രവിക്കാൻ വന്നതല്ല....നിന്നോട് കടുത്ത പ്രണയമായിരുന്നു ശ്രീജിത്തിനെന്ന് ഞങ്ങൾക്കറിയാം....അതു കൊണ്ടു തന്നെ നീ സത്യം പറയാൻ ബാധ്യസ്ഥയാണ്... അല്ല നീ ഞങ്ങൾക്കെതിരെ പ്രതികരിക്കുകയാണെങ്കിൽ ജീവിതം മോശമായിത്തീരും ...ഞങ്ങൾ ഇവിടെ നിന്നും പോകും വരെ നിനക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് നിനക്കറിയാം... ഈ അടുത്ത് വില്ലകളിലൊന്നും ആരുമില്ല. അക്കാര്യം നിക്കറിയുന്നതു പോലെ ഞങ്ങൾക്കുമറിയാം.... അതുകൊണ്ട് സത്യ പറയുകയും ഞങ്ങളോട് സഹകരിക്കുകയും ചെയ്യുക....

തളർന്നു നിന്നിരുന്ന നേഹ സെറ്റിയിൽ നിസ്സഹായയായി ഇരുന്നു.

എന്താണ് ....എന്താണ് നിങ്ങൾക്കറിയേണ്ടത്....

ശ്രീജിത്തിന്റെ അപകടത്തെക്കുറിച്ച് നിനക്ക് അറിയാവുന്നതെല്ലാം...

എങ്ങിനെ അപകടം ഉണ്ടായെന്നെനിക്കറിയില്ല.... ഹോസ്പിറ്റലിൽ വന്നതു മുതലെല്ലാം എനിക്കറിയാം... അന്ന് കാഷ്വാലിറ്റിയിൽ ഞാനുണ്ടായിരുന്നു... പിന്നീട് ശ്രീജിത്തിന്റെ കൂടെത്തന്നെ ഉണ്ടായിരുന്നു... എല്ലക്കാര്യത്തിനും... എനിക്കറിയാവുന്നതെല്ലാം പറയാം....അവയവദാനങ്ങളും.... അതു സ്വീകരിച്ചവരെക്കുറിച്ചും .... അവന്റെ വീട്ടുകാരെ സഹായിച്ചവരെയും....പലതിനും ഞാൻ സാക്ഷിയാണ്...

അതല്ല ഞങ്ങൾക്കറിയേണ്ട്, ശ്രീജിതത്തിൻ അപകടത്തെക്കുറിച്ചാണ്.... ആരെങ്കിലും അപകടം ഉണ്ടാക്കിയതാണെങ്കിൽ അതാണ്.....

അപകടം ഉണ്ടാക്കുകയോ....

പെയ്റോട്ട്, ജോഹനിലേക്ക് പരകായം ചെയ്തു. മറ്റു മൂന്നു പേരും അവളെ സശ്രദ്ധം വീക്ഷിച്ചു കൊണ്ടിരുന്നു. അവരുടെ മൊബൈലുകൾ കണ്ണുകൾ തുറന്നു, ശബ്ദ സ്വീകരണം തുടങ്ങി.

അവർ നിശബ്ദരായി.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ നേഹ അങ്കലാപ്പിൽ, സംഘർഷത്തിൽ നിന്നു മോചിതയായി. ദൃഢമായ, ശാന്തമായ സ്വരത്തിൽ അവൾ പറഞ്ഞു.

എനിക്ക് അറിയാവുന്നത് ഞാൻ പറയാം. നിങ്ങൾ ഉദ്ദേശിക്കുന്നതെന്തെന്ന് എനിക്കറിയില്ല. ശ്രീജിത്തിന്റെ അപകടത്തെക്കുറിച്ച് എനിക്കറിയില്ല. ഹോസ്പിറ്റലിൽ എത്തിയതു മുതൽ എല്ലാം നോക്കിയതിൽ ഞാൻ കൂടിയുണ്ടായിരുന്നു. ഒരു സുഹൃത്തിനോടു വേണ്ട എല്ലാം കരുതലുകളും ഞാൻ കൊടുത്തിരുന്നു.

അതുമാത്രം.....

അതെ...

നേഹ നീ പറയുന്നത് ഞങ്ങൾ വിശ്വസിക്കുന്നില്ല. നീ വീണ്ടും വീണ്ടും നുണ പറഞ്ഞു കൊണ്ടിരിക്കുകയാണ്. നുണ പറഞ്ഞ് രക്ഷപെടാമെന്ന് നീ വിശ്വസിക്കുകയാണ്. നിനക്ക് പിന്നിൽ വലിയൊരു ശക്തിയുണ്ടെന്ന് ഞങ്ങൾക്കറിയാം. അത് ഉപയോഗിക്കണമെങ്കിൽ നിനക്കിവിടെ നിന്ന പുറത്തു പോകണം. അതിനു കഴിയാതെ വന്നാലോ.....

ഭീഷണിയാണോ....

അല്ല, സത്യം പറഞ്ഞതാണ്.... നിന്നെ ഞങ്ങൾ ഒരു പോറലു പോലും ഏല്പിക്കില്ല....പൂപോലെ മനോഹരമായ ഈ ദേഹം പൂർണ്ണ നഗ്നമായിട്ട് ഈ മൊബൈലുകളിൽ പകർത്തും... അടുത്ത നിമിഷം തന്നെ പൊതു ദർശനത്തിനു വയ്ക്കും......ഇന്റർനെറ്റ് കമ്പോളത്തിൽ വില്പനക്കും വയ്ക്കും.... എന്താ ചെയ്യണോ.... പിന്നെ ജീവിത കാലം മുഴുവൻ ഞങ്ങളുടെ കസ്റ്റഡിയിൽ വില്പനച്ചരക്കായിട്ട് തന്നെ കഴിയും അതുവേണോ....

അവൾ പുച്ഛത്തോടെ അവരുടെ മുഖങ്ങളിൽ മാറമാറി നോക്കി.... നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലെന്ന ഒരു ഭാവമാണവളുടെ കണ്ണുകളിൽ....

പെട്ടന്ന് അവരുടെ മുഖങ്ങൾ ഇരുളുന്നത് നേഹ കണ്ടു. അവൾ ഇരിപ്പിടത്തിൽ നിന്നും എഴുന്നേൾക്കാൻ ശ്രമിച്ചു.

നോ...

ജോഹന്റെ ക്രൗര്യമാർന്ന സ്വരത്തിൽ നേഹക്ക് ഉൾക്കിടിലമുണ്ടായി. അവൾ അവിടെത്തന്നെയിരുന്നു. ജോഹന്റെ വിരലുകൾ അവൾക്കരുകിലേക്ക് നീങ്ങി വരുന്നത് അവൾ കണ്ടു. മനോഹരമെങ്കിലും അതിന്റെ വിറയലില്ലായ്മ അവളെ പരിഭ്രമിപ്പിച്ചു കൊണ്ടിരുന്നു. ചുരിദാർ ടോപ്പിൽ അവൻ സ്പർശിച്ചപ്പോൾ നേഹയുടെ ഉൾക്കാമ്പിൽ ഭയം കുമ്പു പൊട്ടി....പൊട്ടിയ കുമ്പ് പെട്ടന്ന് വളരുകയും തളിരാകുകയും ഇലയാകുകയും ചയ്തു.

അക്ഷോഭ്യരായിരുന്ന അവരുടെ പ്രതികരണം പെട്ടന്ന് മാറുന്നത് നേഹ അറിഞ്ഞു.

അവളൊരു കഥയിലേയ്ക്ക് വന്നു.

ശ്രീജിത്ത്,

നേഹ,

അവരുടെ പ്രണയ ജീവിതം,

ശ്രീജിത്തിന് അപകടമുണ്ടായ ദിവസത്തെ അവരുടെ സഹജീവിതം,

മൊബൈലിൽ അവളുടെ മുഖഭാവങ്ങൾ, അംഗ ചലനങ്ങൾ മൂന്ന് ആംഗിളുകളിൽ മൂന്നു പേരും പകർത്തിക്കൊണ്ടിരിരുന്നു. അവരിൽ അത്ഭുതവും, ഭീതിയും പടന്നർന്നു കയറിക്കൊണ്ടിരുന്നു..

ആ വില്ലയിൽ അടഞ്ഞു കിടന്നിരുന്ന കതക് തുറന്ന,് ശൂന്യമായ ഉള്ളിൽ വെളിച്ചത്തെ വരുത്തി, ഇവിടെ വച്ചാണ് ശ്രീജിത്തിന്റെ തലയ്ക്ക് ക്ഷതമേല്പിച്ചതെന്നവൾ പറഞ്ഞപ്പോൾ, നാലു യുവാക്കളും ബാധയേറ്റ പെണ്ണിന്റെ കൈയ്യിലെ പൂക്കുല പോലെയായി.

വിറയലിൽ നിന്ന് മോചിതരായിക്കഴിഞ്ഞ്, നേഹയെല്ലാം പറഞ്ഞു കഴിഞ്ഞെന്ന് തോന്നിയപ്പോൾ സുഹൃത്തുക്കൾ ഇനിയെന്തന്നറിയാൻ പെയ്റോട്ടിന്റെ മുഖത്ത് നോക്കി. അവൻ അപ്പോൾ മാത്രമാണ് വികാരങ്ങളിൽ നിന്നും പുറത്ത കടന്നത്.

നേഹ നീയും ഞങ്ങളുടെ കൂടെ വരികയാണ്. എവിടേക്കെന്ന് നീ ചോദിക്കാതെ തന്നെ പറയാം നിയമത്തിന്റെ മുന്നിലേക്ക്....അത് ഞങ്ങളെ രക്ഷിക്കാൻ കൂടിയാണ്...പക്ഷെ,. നീ ഇടക്കെപ്പോഴെങ്കിലും അതി ബുദ്ധി കാണിക്കുമെന്ന കരുതി ഈ മൊബൈലുകളിൽ പകർത്തിയതെല്ലാം ലൈവായിട്ട് ഫെയ്സ് ബുക്കു വഴിയും വാട്ട്സ്സാപ്പ് വഴിയും ലോകം കാണുന്നുണ്ടായിരുന്നു. ഒരു പക്ഷെ, നമ്മൾ ഈ വാതിൽ തുറക്കുമ്പോൾ തന്നെ നമ്മളെ എതിരേൽക്കാൻ പലരും കണ്ടേന്നിരിക്കും.

പക്ഷെ, വാതിൽ തുറന്നപ്പോൾ അവരെ എതിരേൽക്കാൻ ആരുമുണ്ടായിരുന്നില്ല.

മറ്റൊരു വസ്ത്രം ധരിക്കുന്നതിനു പോലും നേഹയെ അനുവദിക്കാതെ അവർ യാത്രയായി. കാറിന്റെ കറുത്ത ഗ്ലാസ്സുകൾ അവളെ പുറത്ത് കാണിക്കുന്നില്ലെന്ന് ഉറപ്പും വരുത്തി. വില്ലയുടെ ഗെയിറ്റ് പൂട്ടി വാഹനം ഓടിത്തുടങ്ങിയപ്പോൾ ചാനൽക്കൂട്ടത്തിന്റെ വാഹനങ്ങൾ അവർക്ക് മാർഗ്ഗ

തടസ്സമായി നിന്നു. കാറിന്റെ ഗ്ലാസ്സുകൾ ഉയർത്തി, ഹെഡ്ഡ് ലൈറ്റ് ഓണാക്കി നിർത്താതെ ഹോണടിച്ച് അവർ മുന്നോട്ടു പോയി.

മൊട്ടോ നഗരത്തിലെ മജിസ്ട്രറ്റ് കോടതി കൂടിത്തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അവർ അഞ്ചു പേരും കോടതി നിയമങ്ങളെ ലംഘിച്ചു കൊണ്ട് അകത്തേക്ക് കടന്നു.

@@@@@@